



## ആരുടേതാണ് ഇൻ്റർനെറ്റ് ? Who owns the Internet?




പ്രത്യേകിച്ച് ആരുടേതുമല്ല. വെബ്സൈറ്റുകൾ നിർമിക്കുകയും അവയിൽ അനവധി വിവരങ്ങൾ ചേർക്കുകയും ചെയ്യു എല്ലാവരുടേതുമാണ്. ഔപചാരികമല്ലെങ്കിലും ഇൻ്റർനെറ്റിന് ഘടനാപരമായ മേൽനോട്ടത്തിനായി ചില സമിതികളുണ്ട്.

**It does not belong to anyone. It belongs to everyone who creates websites and adds information to them. There are some organisations, though not very formal, for a systemic supervision of internet.**

| The Internet Society | **The Internet Society:** |
|---|---|
| For the overall supervision of the structure of the Internet policies and other common matters. | ഇൻ്റർനെറ്റിൻ്റെ ഘടനയുടെയും നയങ്ങളുടെയും ഇതര പൊതു വിഷയങ്ങളുടെയും മേൽനോട്ടം. |

| The Internet Engineering Task Force (IETF): | **The Internet Engineering Task Force (IETF):** |
|---|---|
| This committee manages the technical structure of the Internet and makes arrangements for the stability and safety of the Internet, etc. Further, it examines and accords recognition to the revision of the Internet protocols. | ഘടനാപരമായ സുസ്ഥിരതയ്ക്കും സുരക്ഷിതത്വത്തിനും ആവശ്യമായ സജ്ജീകരണങ്ങൾ എന്നിവ ഈ സമിതി മേൽനോട്ടം വഹിച്ചാണ് തയാറാക്കുന്നത് . ഇൻ്റർനെറ്റ് പ്രോട്ടോകോളുകളുടെ നവീകരണവും ഈ കമ്മിറ്റിതന്നെയാണ് പരിശോധിച്ച് അംഗീകരിക്കുന്നത് |

| The Internet Corporation for Assigned Names and Numbers (ICANN): | **The Internet Corporation for Assigned Names and Numbers (ICANN):** |
|---|---|
| The Domain Name System (DNS) we discussed earlier works under the supervision of this committee. It is ICANN that ensures that all Internet addresses reach their proper IP addresses. | ഡൊമെയ് ൻ നാമകരണ സംവിധാനം **((Domain Name System - DNS)** ഈ സമിതിയുടെ മേൽനോട്ടത്തിലാണു നടക്കുന്നത് . എല്ലാ ഇൻ്റർനെറ്റ് വിലാസവും അതിൻ്റെ ശരിയായ ഐ.പി. വിലാസത്തിലേക്കുതന്നെ എത്തപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നത് \|ICANN ആണ് |

**ഇമെയിൽ**
**e–mail**

**ആഗോള കമ്പ്യൂട്ടർ നെറ്റ് വർക്ക് ഉപയോഗിച്ച് കത്തുകൾ കൈമാറാൻ സാധിക്കും.ഇത്തരത്തിലുള്ള കത്തുകളാണ് ഇ-മെയിലുകൾ (electronic mail). ഇന്റർനെറ്റിൽ ഇ-മെയിൽ സാങ്കേതികവിദ്യ സാധ്യമായപ്പോൾ ഈ സേവനം കൂടുതൽ ആളുകൾക്ക് എത്തിച്ചു നൽകാൻ അനവധി സേവനദാതാക്കൾ ( Email service providers ) നിലവിലുണ്ട്.**







Diagram of E-mail service
ഇ-മെയിൽ സേവനം


Social Media
നവ സാമൂഹികമാധ്യമങ്ങൾ



നമ്മുടെ ചുറ്റുപാടുമുള്ള വാർത്തകളും വിവരങ്ങളും ആശയങ്ങളും തമാശകളുമൊക്കെ കൈമാറാനും ചിത്രങ്ങൾ, വീഡിയോകൾ തുടങ്ങിയവ പങ്കുവയ്ക്കാനും പറ്റിയ ഒരു മാധ്യമം എന്നത് ഇന്റർനെറ്റിന്റെ വികാസത്തോടെ ഉത്ഭവിച്ച മറ്റൊരു ആശയമാണ്. ഇത്തരം സങ്കേതങ്ങളെ പൊതുവേ നവ സാമൂഹിക മാധ്യമങ്ങൾ **(Social media)** എന്നു പറയുന്നു.

**The concept of a medium to exchange news, information, ideas and jokes and to share pictures and videos emerged with the growth of the Internet. These media are called social media in general.**

ഡയാസ്പൊറ സ്വതന്ത്ര വിവരവിനിമയ സങ്കേതമാണ്.

**Diaspora is an open source communication system.**

ആളുകൾ തമ്മിലുള്ള സൌഹൃദം അവർ അകലത്തായിരിക്കുമ്പോൾ പോലും കാത്തുസൂക്ഷിക്കാൻ ഇത്തരം മാധ്യമങ്ങൾ വഴി സൗഹൃദങ്ങൾക്കും തമാശകൾക്കുമപ്പുറം ഒരു രാജ്യത്തെ സഹായിക്കാനോ അവരുടെ നയരൂപീകരണത്തെ സ്വാധീനിക്കാനോ പോന്ന കൂട്ടായ്മകളായി ഇവ പലപ്പോഴും മാറാറുണ്ട്. കേരളത്തിലെയും തമിഴ്നാട്ടിലെയും പ്രകൃതിദുരന്തങ്ങളിൽ ഉണ്ടായ സഹായ പ്രവാഹം ഇത്തരമൊരു ഇടപെടലാണ്.

## സാമൂഹികമാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ ... | Things to remember while using social media

സാമൂഹികമാധ്യമങ്ങളിൽ ഒരിക്കൽ പോസ്റ്റ് ചെയ്യുവ തിരിച്ചെടുക്കാനാവില്ല.

Once you post something on social media, that can't be withdrawn. Even though you delete the post, somebody might have downloaded it from somewhere else.

പുതുതലമുറ ജോലികൾക്കും അഭിമുഖങ്ങൾക്കുമായി നിങ്ങളുടെ സോഷ്യൽ മീഡിയ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെട്ടേക്കാം.

Your social media activities may be evaluated for new generation jobs and interviews.

സാമൂഹികമാധ്യമങ്ങളിൽ വ്യക്തിപരമായ വിവരങ്ങൾ പങ്കുവെക്കരുത്

Don't share personal informations on internet/social media, especially with strangers.

അതിശയോക്തിപരമായ സന്ദേശങ്ങൾ പോസ്റ്റുചെയ്യരുത്. നിങ്ങൾക്ക് വ്യക്തിപരമായി ബോധ്യമുണ്ടെങ്കിൽ മാത്രം പോസ്റ്റുകൾ പങ്കിടുക.

Don't post or share exaggerated/hoax messages. Share the posts only if you are convinced personally.

മറ്റുള്ളവരെ അപകീർത്തിപ്പെടുത്തുന്ന സന്ദേശങ്ങൾ പോസ്റ്റുചെയ്യരുത്.

Don't post messages that defame someone's personality.

സൈബർ കുറ്റവാളികൾക്ക് കൂടുതൽ കാലം മറഞ്ഞിരിക്കാൻ കഴിയില്ല.

Cyber criminals can't be stay hidden for a long time.

ഭീഷണിപ്പെടുത്തുന്ന സന്ദേശങ്ങൾ പോസ്റ്റു ചെയ്യരുത്.

Don't post threatening messages (Cyber bullying)

സോഷ്യൽ മീഡിയയിലെ എല്ലാ സുരക്ഷാ ക്രമീകരണങ്ങളും ഉപയോഗിക്കുക.

Make use of all security settings in socialmedia.

ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനു മുമ്പുതന്നെ എന്താണ് നമ്മുടെ ആവശ്യമെന്നത് കൃത്യമായി തീരുമാനിക്കുക.

സൈബർകുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപെട്ടാൽ അധ്യാപകർ വഴി പോലീസിനെ വിവരമറിയിക്കുക.


Don't enter into websites by clicking the links, especially while trying to use banking and money transaction sites. Make a habit of typing the URL in address bar of the browser.

ലിങ്കുകളിൽ ക്ലിക്ക് ചെയ്യാതെ അഡ്രസ്സ് ബാറിൽ നേരിട്ട് ടൈപ്പ്ചെയ്ത് വെബ്സൈറ്റുകളിൽ പ്രവേശിക്കുക.

## ഇ –ബാങ്കിങ് E-banking

ഒരു ബാങ്ക് അക്കൗണ്ടിലൂടെയുള്ള പണമിടപാടുകൾ ബാങ്ക്,പ്രത്യേകമായി തയാറാക്കിയ ഒരു വെബ്സൈറ്റിലൂടെ നിർവഹിക്കുന്നതിനെയാണ് സാധാരണയായി ഇ-ബാങ്കിങ് എന്നു പറയുന്നത്.ഒരു ബാങ്ക് അക്കൗണ്ടിന് ഓൺലൈൻ സജ്ജീകരണം ലഭ്യമാക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട ഒരു ഫോറം പൂരിപ്പിച്ചുനൽകേണ്ടതുണ്ട്. തുടര്ന്ന് ഓൺലൈൻ സൈറ്റിൽ ബാങ്ക് തരുന്ന യൂസർനാമം, പാസ് വേഡ് തുടങ്ങിയവ കൂടി ക്രമീകരിക്കുന്നതോടെ ഇ-ബാങ്കിങ് സംവിധാനം തയാറായിക്കഴിഞ്ഞു.

ഇത്തരമൊരു സംവിധാനം ഏർപ്പെടുത്തിയാൽ,അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ ബാങ്കിൽ പോകാതെ തന്നെ എപ്പോൾ വേണമെങ്കിലും എവിടെവച്ചും പരിശോധിക്കാം. നാം മുൻപു നടത്തിയ ഇടപാടുകൾ ഇതേ പോലെത്തന്നെ പരിശോധിക്കാം. മറ്റൊരു അക്കൗണ്ടിലേക്ക് പണം വക മാറ്റാം



OTP എന്ന സുരക്ഷാ സംവിധാനം

### Security system called OTP


How can we ensure that our online transactions are secure? OTP (One Time Password) is a system for this. When our bank accounts are configured for online transactions, we have to give our mobile phone number also. Each time an online transaction is carried out, a password that can be used only for that transaction is sent to our mobile phone. The transaction can be completed only with this password.

ഇ – ഗവേണൻസ് **E-Governance**

**വില്ലേജ്, പഞ്ചായത്ത് ഓഫീസുകൾ, വൈദ്യുതിയുടെയും കുടിവെള്ളവിതരണത്തിന്റെയും ഓഫീസുകൾ തുടങ്ങിയസ്ഥാപനങ്ങളിൽ പലവിധ സേവനങ്ങൾക്കായി നമുക്ക് പോകേണ്ടിവരാറുണ്ട്. ഓൺലൈൻ സംവിധാനമുള്ള ഒരു ബാങ്ക് അക്കൗണ്ട് ഉണ്ടായിരുന്നാൽ വൈദ്യുതിബില്ലും ടെലിഫോൺബില്ലുമെല്ലാം നമുക്ക് ഇന്റർനെറ്റ് വഴി അടയ്ക്കാനാകും.**

**We often have to go to many offices like Village and Grama Panchayat, offices of electricity and drinking water distribution to avail of various services. If we have a bank account with online facility, we can pay electricity bills, telephone bills, etc.**

**പത്താംക്ലാസ് കഴിഞ്ഞാൽ തുടർപഠനത്തിന് പ്രവേശനം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഓൺലൈൻ ആപ്ലിക്കേഷൻ സംവിധാനമുപയോഗിച്ചാണ് നടത്താറുള്ളത്. ഹയർ സെക്കൻഡറി പ്രവേശനത്തിനുപയോഗിക്കുന്ന ഓൺ ലൈൻ സൈറ്റാണ്: hscap (http://www.hscap.kerala.gov.in**





**വൈദ്യുതിബിൽ അടയ്ക്കുന്നതിന് *KSEB* തയാറാക്കിയിട്ടുള്ള ഓൺലൈൻ സൈറ്റാണ്.**













**For online video class of this ICT note**




**For previous classes of ICT notes**




"എന്റെ പഠന മുറി"